**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **6274** — **31.10.2011** - ലെ മറുപടിക്ക്

## വരുമാനം കുറവുള്ള പഞ്ചായത്തുകളെ സഹായിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബി.സത്യൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | വരുമാനം കുറവുള്ള പഞ്ചായത്തുകളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ; വ്യക്തമാക്കാമോ ; | (എ) | തനത് വരുമാനവും പൊതുആവശ്യ ഫണ്ടും ഉപയോഗിച്ച് ഭരണചെലവും നിർബന്ധിത സേവനങ്ങൾ നൽകുന്നതിനുള്ള ചെലവും നിർവ്വഹിക്കാൻ കഴിയാത്ത സാമ്പത്തിക പരാധീനതയുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് ഒരു വിടവ് നികത്തൽ ഫണ്ട് നൽകണമെന്നും ഇതിനായി ഗ്രാമ പഞ്ചായത്തുകൾക്കുള്ള പൊതു ആവശ്യ ഫണ്ടിൽ വയ്ക്കണമെന്നുള്ള 4-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | സ്വന്തമായി കെട്ടിടസൗകര്യമില്ലാത്ത പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കാൻ കഴിയുമോ ; വ്യക്തമാക്കാമോ ; | (ബി) | ഇപ്പോൾ കഴിയുകയില്ല. |

| | | | |
|---|---|---|---|
| (സി) | പഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗമായ വീട്ടുകരം, തൊഴിൽകരം, ലൈസൻസ് ഫീസ് ഇവ വർദ്ധിപ്പിക്കാൻ എന്തെങ്കിലും ആലോചനയുണ്ടോ; വ്യക്തമാക്കാമോ ? | (സി) | വസ്തുനികുതി (കെട്ടിട നികുതി) പുനഃനിർണ്ണയിക്കുന്നതിനുള്ള നടപടികൾ 2011-ലെ കെ.പി.ആർ. (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം നടന്നുവരുന്നു. തൊഴിൽകരം, ലൈസൻസ് ഫീസ് എന്നിവ സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നികുതി ഈടാക്കി വരുന്നു. അവ വർദ്ധിപ്പിക്കാൻ ഇപ്പോൾ ആലോചനയില്ല. |

സെക്ഷൻ ഓഫീസർ